# പച്ചമലയാളം
# സർട്ടിഫിക്കറ്റ് കോഴ്സ്

## 1. ആമുഖം

കേരളം സമ്പൂർണ സാക്ഷരത കൈവരിച്ചിട്ട് കാൽനൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. എഴുതാനും വായിക്കാനും കണക്ക് കൂട്ടാനുമുള്ള ശേഷി നേടി എന്നതായിരുന്നു 1991ലെ പ്രഖ്യാപനം. വിപുലമായ ജനകീയ ക്യാമ്പയിനിലൂടെയാണ് സമ്പൂർണ സാക്ഷരത സാധ്യമായത്.

മാതൃഭാഷാപഠനം ഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ട്. ഭാഷ സംസ്കാരമാണ്. ഭാഷയെ ആഴത്തിൽ അറിയുകയും പ്രയോഗിക്കുകയും ചെയ്യുമ്പോൾ നമ്മുടെ സംസ്കാരവും ഉന്നതമാകും. സമസ്തമേഖലകളിലുമുള്ളവർക്ക് ഒരേപോലെ പ്രയോജനകരമാകുന്ന നിലയിൽ ഭാഷാപഠന കോഴ്സുകൾ ആരംഭിക്കുന്നത് സാക്ഷരകേരളത്തെ സമ്പുഷ്ടമാക്കും. കേരള സർക്കാർ മലയാള ഭാഷാനിയമം പാസാക്കിയത് ഈ സാഹചര്യത്തിൽ പ്രസക്തമാകുന്നു. മാതൃഭാഷ എഴുതാനും വായിക്കാനും പഠിക്കാതെ തന്നെ വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് മാതൃഭാഷാപഠനം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സാക്ഷരതാമിഷൻ ആരംഭിക്കുന്ന കോഴ്സാണ്. 'പച്ചമലയാളം' സർട്ടിഫിക്കറ്റ് കോഴ്സ്. ഇത് സാക്ഷരകേരളത്തിലെ മികച്ച കാൽവയ്പാകുമെന്ന് പ്രതീക്ഷിക്കുന്നു.

## 2. ലക്ഷ്യങ്ങൾ

1. ഇതര മീഡിയങ്ങൾ വഴി വിദ്യാഭ്യാസം നേടിയവർക്ക് മാതൃഭാഷ മനസ്സിലാക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള ശേഷി നേടുക.
2. സ്വന്തം ഭാഷയിൽ ആത്മവിശ്വാസത്തോടെ ചിന്തിക്കുന്നതിനും ഇടപെടുന്നതിനും സമൂഹത്തെ പ്രാപ്തമാക്കുക.
3. കലാസാഹിത്യസൃഷ്ടികൾ ആസ്വദിക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള ശേഷി നേടുക. അതുവഴി ഉയർന്ന മാനവികതാബോധത്തോടെ സമൂഹത്തിൽ ഇടപെടൽ നടത്തുവാൻ കഴിയുന്ന ജനതയെ വാർത്തെടുക്കുക.
4. ഭാഷാശാസ്ത്രം പഠിക്കുന്നതിലൂടെ മികച്ച ഭാഷാപ്രയോഗശീലം സാധ്യമാക്കുക.
5. സംസ്കാര കേരളമെന്ന വിശേഷണം യാഥാർഥ്യമാക്കുക.
6. മലയാളം കംപ്യൂട്ടിങ് വ്യാപിപ്പിക്കുക.
7. സ്മാർട്ട് ഫോണുകളിലടക്കം മലയാളം ഉപയോഗിക്കുന്നതിന് ശേഷി വർധിപ്പിക്കുക.
8. ഭാഷാന്യൂനപക്ഷങ്ങൾക്ക് മലയാള ഭാഷയിൽ പ്രാവീണ്യം സാധ്യമാക്കുക.
9. ഭരണഭാഷ മാതൃഭാഷ ആക്കിയത് വഴി ഓഫീസ് നിർവഹണം നടത്താൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന സർക്കാർ/അർധസർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സുഗമമായ ഓഫീസ് പ്രവർത്തനം സാധ്യമാക്കുക.

3. <u>ഗുണഭോക്താക്കൾ</u>

- മലയാളം ഒഴികെയുള്ള വിവിധ മാധ്യമങ്ങൾ വഴി വിദ്യാഭ്യാസം പൂർത്തിയാക്കിയവർ.
- മലയാളം ഒഴികെയുള്ള വിവിധ മാധ്യമങ്ങൾ വഴി ഉന്നതവിദ്യാഭ്യാസം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നവർ.
- ഭരണഭാഷ മാതൃഭാഷയാക്കിയതിനുശേഷം ഓഫീസ് നിർവഹണം ബുദ്ധിമുട്ടായി തോന്നുന്ന വിവിധ സർക്കാർ/അർധസർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർ.
- മലയാള ഭാഷ പഠിക്കാൻ താൽപ്പര്യമുള്ളവർ.
- ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ.

4. <u>സംഘാടനം/നിർവഹണം</u>

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി കോഴ്സിന്റെ സംഘാടനവും നിർവഹണവും നടത്തും. 152 ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനങ്ങളിൽ ഓരോ സമ്പർക്ക പഠനകേന്ദ്രങ്ങൾ ആരംഭിക്കും. ബ്ലോക്ക് സാക്ഷരതാമിഷൻ നോഡൽ പ്രേരക് സെന്റർ കോ-ഓർഡിനേറ്ററായും ഭാഷാ അധ്യാപകൻ ഇൻസ്ട്രക്ടറുമായുള്ള സംവിധാനം ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനത്തുള്ള ഹൈസ്കൂൾ കേന്ദ്രീകരിച്ച് നിലവിൽ വരും.

**5.പഠനസാമഗ്രികൾ**

മുതിർന്നവരുടെ ബോധനശാസ്ത്രത്തെ അടിസ്ഥാനമാക്കി പഠനസാമഗ്രികൾ തയ്യാറാക്കും.

**6. പ്രവർത്തനകാലയളവ്/കോഴ്സ് സമയക്രമം**

നാല് മാസമാണ് കോഴ്സിന്റെ കാലാവധി. ഞായറാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും മൂന്ന് മണിക്കൂർ വീതം 20 ദിവസം ക്ലാസ് നടത്തും. ആകെ 60 മണിക്കൂർ.പൊതുഅവധി ദിവസങ്ങളിൽ അധികപഠനസമയം ഉപയോഗിക്കാവുന്നതാണ്.ക്ലാസിന്റെ ആദ്യ 1 $^1/_2$ മണിക്കൂർ യൂണിറ്റ് ഒന്നിനും അടുത്ത 1 $^1/_2$ മണിക്കൂർ യൂണിറ്റ് രണ്ടിനും ഉപയോഗിക്കും.

**7. മൂല്യനിർണ്ണയം/സർട്ടിഫിക്കറ്റ്**

കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തും. മാതൃകാപരീക്ഷ, പൊതുപരീക്ഷ എന്നിവ നടത്തും.വിജയികൾക്ക് കോഴ്സ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യും.

**8. രജിസ്ട്രേഷൻ**

സെപ്തംബർ 1 മുതൽ സെപ്തംബർ 30 വരെയാണ് രജിസ്ട്രേഷൻ കാലാവധി.01.09.2017ന് 17 വയസ് പൂർത്തിയായ ആർക്കും കോഴ്സിൽ ചേരാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് തുടങ്ങിയവ ദേശസാൽകൃതബാങ്കിൽ നിന്ന് ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**<u>ഫീസ്</u>**

രജിസ്ട്രേഷൻ ഫീസ് - 500 രൂപ , കോഴ്സ് ഫീസ് - 2000 രൂപ

(പഠനോപകരണങ്ങൾ,സ്വയംപഠന സി.ഡി, പരീക്ഷ ഫീസ് ഉൾപ്പെടെ)

<u>ദേശസാൽകൃത ബാങ്കിൽനിന്ന് ഡി.ഡി എടുക്കേണ്ട വിലാസം</u>

<u>ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി,തിരുവനന്തപുരം</u>

**വിശദവിവരങ്ങൾക്ക് ജില്ലാസാക്ഷരതാമിഷൻ ഓഫീസുമായി ബന്ധപ്പെടുക**

**The District Project Co-ordinator**
**District Literacy Mission Office,**
**District Panchayat,**
**Pattom,Thiruvananthapuram-04**
*Ph : 0471-2556740*

**The District Project Co-ordinator**
**District Literacy Mission Office,**
**District Panchayat,**
**Thevally, Kollam-695 009**
*Ph : 0474-2798020*

**The District Project Co-ordinator**
**District Literacy Mission Office,**
**District Panchayat Building,**
**III Floor, Collectorate,**
**Alappuzha - 688 010**
*Ph : 0477 - 2252095*

**The District Project Co-ordinator**
**District Literacy Mission Office,**
**Civil Station, Collectorate,**
**Pathanamthitta- 689 645**
*Ph: 0468-22220799*

**The District Project Co-ordinator**
**District Literacy Mission Office,**
**District Panchayat Bhavan,**
**Kuyilimala, Painavu P.O, Idukki- 685 603**
*Ph : 0486 - 2232294*

**The District Project Co-ordinator**
**District Literacy Mission Office,**
**Vayaskara Kunnu,**
**Kottayam - 686 001**
*Ph : 0481- 2302055*

**The District Project Co-ordinator**
**District Literacy Mission Office,**
**Civil Station, Kakkanad,**
**Ernakulam - 682030**
*Ph : 0484 2426596*

**The District Project Co-ordinator**
**District Literacy Mission Office,**
**Ayyanthol, Thrissur- 680 003**
*Ph : 0487 - 2365024*

**The District Project Co-ordinator**
**District Literacy Mission Office,**
**District Panchayat Office,**
**Palakkad- 678 001**
*Ph : 0491- 2505179*

**The District Project Co-ordinator**
**District Literacy Mission Office,**
**Sakasharatha Bhavan,**
**Malappuram- 676 505**
*Ph : 0483 2734670*

**The District Project Co-ordinator**
**District Literacy Mission Office,**
**District Panchayat Bhavan, Kozhikode-**
**673 020**
*Ph : 0495 2370053*

**The District Project Co-ordinator**
**District Literacy Mission Office,**
**Civil Station, Kalpetta,**
**Wayanad- 673 122**
*Ph : 04936 202091*

**The District Project Co-ordinator**
**District Literacy Mission Office,**
**District Panchayat Office,**
**Civil Station, Kannur- 670 012**
*Ph : 0497 2707699*

**The District Project Co-ordinator**
**District Literacy Mission Office,**
**Vidyanagar P.O., Kasargod**
*Ph : 04994-255507*

ഡോ.പി.എസ്.ശ്രീകല (ഒപ്പ്)

ഡയറക്ടർ,

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി,

തിരുവനന്തപുരം.

# ‘അച്ഛീ ഹിന്ദി’, ‘ഗുഡ് ഇംഗ്ലീഷ്’

തെറ്റില്ലാതെ ഹിന്ദിയും ഇംഗ്ലീഷും എഴുതാനും വായിക്കാനും സഹായിക്കുന്ന ‘അച്ഛീ ഹിന്ദി’, ‘ഗുഡ് ഇംഗ്ലീഷ് ’ കോഴ്സുകളുടെ കാലദൈർഘ്യം നാലുമാസമാണ്. 17 വയസ്സിനുമുകളിൽ പ്രായമുള്ള ആർക്കും ചേരാം. ഞായറാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും പകൽ 9.30 മുതൽ 3.30 വരെയായിരിക്കും ക്ലാസ്. ബ്ലോക്കിലെ തെരഞ്ഞെടുത്ത വിദ്യാലയമാകും പഠനകേന്ദ്രം. പഠിതാക്കളുടെ എണ്ണം അനുസരിച്ച് കേന്ദ്രങ്ങളുടെ എണ്ണം കൂട്ടും.

വിരമിച്ച അധ്യാപകർ, ഹിന്ദിയും ഇംഗ്ലീഷിലും പ്രാവീണ്യമുള്ള അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ എന്നിവരാകും അധ്യാപകർ. ഇവർക്ക് ഓണറേറിയം നൽകും. നിശ്ചിത ഫീസ് പഠിതാക്കളിൽ നിന്ന് ഈടാക്കും. വിദ്യാർത്ഥികൾ, തൊഴിലാളികൾ, ജീവനക്കാർ തുടങ്ങിയവർക്ക് ഈ കോഴ്സുകളിൽ ചേരാം.